## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2700 | 19.06.2014 ൽ മറുപടിക്ക് |
|---|---|
| **പട്ടാര്യസമാജം എച്ച്.എസ്. പള്ളിപ്പുറം സ്കൂളിൽ പ്ലസ് ടു അനുവദിക്കൽ** | |
| **ചോദ്യം** | **ഉത്തരം** |
| ശ്രീ. എ.എം.ആരിഫ് | ശ്രീ. പി. കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പ്രമുഖ പിന്നോക്ക സമുദായമായ പട്ടാര്യ സമുദായത്തിന്റെ മാനേജ്മെന്റിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഏക വിദ്യാലയമായ പട്ടാര്യ സമാജം ഹൈസ്കൂൾ പള്ളിപ്പുറത്തിന് പ്ലസ് ടു അനുവദിക്കുന്നതിനുള്ള അപേക്ഷയിന്മേൽ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; പ്രസ്തുത അപേക്ഷ അനുഭാവപൂർവ്വം പരിഗണിച്ച് പ്ലസ് ടു അടിയന്തിരമായി അനുവദിക്കുമോ? | ജി.ഒ(എം.എസ്)നം.185/2013/പൊ.വി.വ തീയതി 11.06.2013-ന്റെ അടിസ്ഥാനത്തിൽ സർക്കാർ എയ്ഡഡ് മേഖലയിൽ ഹയർ സെക്കന്ററി സ്കൂളുകൾ ലഭ്യമല്ലാത്ത 148 പഞ്ചായത്തുകളിൽ ഓരോ ഹയർ സെക്കന്ററി സ്കൂൾ വീതം അനുവദിക്കുന്നതിനു വേണ്ടി വിജ്ഞാപനം ക്ഷണിച്ചപ്പോൾ പട്ടാര്യ സമാജം ഹൈസ്കൂളും അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ ടി സ്കൂൾ സ്ഥിതി ചെയ്യുന്ന പള്ളിപ്പുറം പഞ്ചായത്തിൽ ഹയർ സെക്കന്ററി സ്കൂൾ നിലവിലുള്ളതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ ടി അപേക്ഷ പരിഗണിക്കുകയുണ്ടായില്ല. സർക്കാരിന്റെ നിലവിലുള്ള നയപരമായ തീരുമാന പ്രകാരം പുതിയ ഹയർസെക്കന്ററി സ്കൂളുകൾക്ക് പകരം സർക്കാർ/എയ്ഡഡ് മേഖലയിൽ അധിക ഹയർ സെക്കന്ററി ബാച്ചുകളാണ് അനുവദിച്ചു വരുന്നത്. പുതിയ ഹയർസെക്കന്ററി സ്കൂളുകൾ അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാർ നയപരമായ തീരുമാനം എടുക്കുമ്പോൾ ആയത് മെരിറ്റ് അടിസ്ഥാനത്തിലും പ്രാദേശിക വിദ്യാഭ്യാസ ആവശ്യകതയുടെ അടിസ്ഥാനത്തിലും പരിഗണിക്കുന്നതായിരിക്കും. |

സെക്ഷൻ ഓഫീസർ